**ദനഹാക്കാലം എട്ടാം ഞായർ**
**മത്താ 9:35-10:4**

### ഇടയന്മാരെ നല്കുന്ന ഇടയൻ

ഡോ. ജോഷി പുതുശ്ശേരി

ദൈവവും ഇസ്രായേലും തമ്മിലുള്ള ബന്ധത്തെ അടയാളപ്പെടുത്താൻ പഴയനിയമം ആവർത്തിച്ച് ഉപയോഗിക്കുന്ന പ്രതീകങ്ങളിലൊന്നാണ് 'ഇടയനും ആടുകളും.' 'ഇസ്രായേലിന്റെ പാറയായ ഇടയനാണ്' ദൈവം (ഉത്പ. 49:24). തന്റെ 'ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ' ആകാതിരിക്കാൻ (സംഖ്യ 27:16; 1 രാജ. 22:17) സമയാസമയങ്ങളിൽ അവിടുന്ന് അവർക്ക് നേതാക്കന്മാരെ നല്കി (2 സാമു. 5:2-3). ഈ ഇടയന്മാർ ആടുകളെ ചിതറിക്കുകയും തങ്ങളെ മാത്രം പോറ്റുകയും ചെയ്തപ്പോഴെല്ലാം അവിടുന്ന് അവരെ ശിക്ഷിച്ചു (ജറെ. 23:1-2; എസെ. 34:1-10; സഖ. 10:2-3). ചിതറിപ്പോയ ആടുകളെ ഒരുമിച്ചു കൂട്ടാനും അവയെ പരിപോഷിപ്പിക്കാനും താൻതന്നെ ഇടയദൗത്യം ഏറ്റെടുക്കുമെന്നും (ജറെ. 23:3; എസെ. 34:11-22) പരാജയപ്പെട്ട ഇടയന്മാർക്കു പകരം പുതിയ ഇടയന്മാരെ നല്കുമെന്നും (ജറെ. 23:4: എസെ. 34:23) അവിടുന്ന് വാഗ്ദാനം ചെയ്തു.

പഴയനിയമ വാഗ്ദാനങ്ങളുടെ പൂർത്തീകരണമായി, ഇസ്രായേലിനെ 'മേയിക്കുവാനായി' ബേത്‌ലഹെമിൽ വന്നു പിറന്നവനാണ് യേശുവെന്ന് മത്തായി സുവിശേഷാരംഭത്തിൽ തന്നെ വ്യക്തമാക്കുന്നു (2:6). ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ട ആടുകളുടെ അടുത്തേക്ക് അയയ്ക്കപ്പെട്ടവനാണ് താനെന്ന് യേശുവും പ്രസ്താവിക്കുന്നുണ്ട് (15:24). ദൈവരാജ്യപ്രഘോഷണത്തിലൂടെ വഴി നടത്തിയും രോഗങ്ങളിലും വ്യാധികളിലും നിന്ന് സുഖപ്പെടുത്തി പരിപോഷിപ്പിച്ചും (4:23; 9:35) യേശു തന്റെ ഇടയധർമ്മം നിർവ്വഹിച്ചു. ഈ ശുശ്രൂഷാ നിർവ്വഹണത്തിനിടയിൽ യേശു രണ്ടു കാര്യങ്ങൾ തിരിച്ചറിയുന്നു: (1) തന്റെ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ പരിഭ്രാന്തരും നിസ്സഹായരുമാണ് (9:36). ഇസ്രായേലിന്റെ മതനേതൃത്വത്തിന്റെ വീഴ്ചകളാണ് ഇതിനു കാരണമെന്ന് സുവിശേഷത്തിലുടനീളവും പ്രത്യേകിച്ച് 23-ാം അദ്ധ്യായത്തിലും വ്യക്തമാക്കപ്പെടുന്നുണ്ട്. (2) വിളവധികം; എന്നാൽ വേലക്കാർ ചുരുക്കമാണ് (9:37).

തന്റെ അജഗണത്തിന്റെ ദയനീയാവസ്ഥ യേശുവിലുണർത്തിയ പ്രതികരണത്തെ രേഖപ്പെടുത്താൻ 'സ്പ്ളാൻഖ്നിറ്റ്സൊമായ്' എന്ന ഗ്രീക്ക് ക്രിയാപദമാണ് മത്തായി ഉപയോഗിച്ചിരിക്കുന്നത്. 'കുടലിൽ ഇളക്കമുണ്ടായി' എന്നാണിതിന്റെ വാച്യാർത്ഥം. ഒരു മാതാവിൽ നിന്നുയരുന്ന വൈകാരിക പ്രതികരണത്തെയാണിത് സൂചിപ്പിക്കുന്നത്. തന്റെ ആടുകളുടെ നിസ്സഹായാവസ്ഥയിൽ യേശുവിൽ ഉണർന്ന ഈ മാതൃഭാവം ആ അവസ്ഥയ്ക്ക് മാറ്റം വരുത്താനുള്ള ക്രിയാത്മക പ്രവർത്തനമായി മാറുന്നു. ദൈവിക ഇടപെടലിനായി പ്രാർത്ഥിക്കുന്നതോടൊപ്പം (9:38) പുതിയ ഇടയന്മാരെ തിരഞ്ഞെടുത്ത് നിയോഗിക്കാനും (10:1-15) യേശു തയ്യാറാകുന്നു. യേശുവിനോട് കൂടെയായിരുന്ന് അവിടുത്തെ അജപാലന ശുശ്രൂഷയുടെ ഫലങ്ങളനുഭവിച്ചവരാണ് (മത്താ. 5-9) യേശുവിന്റെ അതേ ശുശ്രൂഷ തുടരാൻ (10:1, 7-8) നിയോഗിക്കപ്പെടുന്നത്.

'ഇടയന്മാരുടെ തലവനാണ്' ക്രിസ്തു (1 പത്രോ. 5:4). തന്റെ ആടുകളോട് അവിടുത്തേക്കുള്ള മാതൃസഹജമായ കരുതലാണ് ക്രിസ്തീയ അജപാലന ശുശ്രൂഷയുടെ അടിസ്ഥാനം. ഒരു അമ്മയെപ്പോലെ ആടുകളെ ചേർത്തു പിടിക്കുകയും ത്യാഗങ്ങളേറ്റെടുത്തും അവയെ സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുകയാണ് ക്രിസ്തീയ അജപാലകർ ചെയ്യേണ്ടത്. ദൈവത്തെപ്രതി സന്മനസ്സോടെ, ലാഭേച്ഛ കൂടാതെ തീക്ഷ്ണതയോടെ, അവർ ഇടയശുശ്രൂഷ ചെയ്യണം. ഏല്പിക്കപ്പെട്ടവരുടെ മേൽ ആധിപത്യം പുലർത്താതെ, മാതൃക നല്കി അജഗണത്തെ മേയിക്കണം (1 പത്രോ. 5:2-3). ഈ ക്രിസ്തീയ ചൈതന്യം സ്വന്തമാക്കാത്ത ഇടയന്മാർ ആടുകളെ ചിതറിക്കും; നശിപ്പിക്കും. ഇങ്ങനെയുള്ള ഇടയന്മാരൊക്കെ പഴയനിയമത്തിലും പുതിയനിയമത്തിലും ആവർത്തിച്ച് വിവരിക്കപ്പെടുന്നതുപോലെ, തങ്ങളുടെ ദൗത്യത്തിൽനിന്ന് പുറന്തള്ളപ്പെടും. കാരണം അടിസ്ഥാനപരമായി ദൈവമാണ് തന്റെ ജനതയുടെ ഇടയൻ; അവിടുന്ന് ആടുകളോട് അനുകമ്പയും കരുതലുമുള്ള നല്ല ഇടയനാണ്.